വാരാന്ത്യപതിപ്പ് ലക്കം-52 | MAY 15 - MAY 21

# മനസ്സ് നന്നാവട്ടെ

സെന്റ്. തോമസ് കോളേജ് (ഓട്ടോണമസ്), തൃശ്ശൂർ
എൻ എസ് എസ് യൂണിറ്റ് 42 & 144

## എൻ.എസ്.എസ് വാർത്തകൾ

സോഷ്യോപോഡ്സ്
പേജ് 1
• • • • • • • • •
വേൾഡ് ഹൈപ്പർ ടെൻഷൻ ഡേ
പേജ് 1
• • • • • • • • •
ലോക എയ്ഡ്സ് വാക്സിൻ ദിനം
പേജ് 2
• • • • • • • • •
ലോക മെട്രോളജി ദിനം
പേജ് 3
• • • • • • • • •
ലോക ആസ്മ ദിനം പോസ്റ്റർ മേക്കിങ് കോമ്പിറ്റിഷൻ
പേജ് 3
• • • • • • • • •
ദേശീയ തീവ്രവാദ വിരുദ്ധ ദിനം
പേജ് 3
• • • • • • • • •
അഭയം
പേജ് 4
• • • • • • • • •
അഗ്വഞ്ചർ
പേജ് 4
• • • • • • • • •
ട്രാഷ് ഇറ്റ് : തൃശ്ശൂർ പബ്ലിക് ലൈബ്രറി
• • • • • • • • •
പേജ് 5
അക്ഷരാഗ്നി
പേജ് 5

ചോദ്യം ഉത്തരം
പേജ് 6

ചിന്താവിഷയം




## സോഷ്യോപോഡ്സ്

# എൻ.എസ്.എസ്. വാർത്തകൾ

## സോഷ്യോപോഡ്സ്

തൃശ്ശൂർ പൂരത്തെക്കുറിച്ച് പ്രതിപാദിക്കുന്ന സോഷ്യോപോഡ്സിന്റെ അമ്പത്തിനാലാം എപ്പിസോഡ് മെയ് പതിനാറ് വൈകുന്നേരം ആറുമണിക്ക് പുറത്തിറക്കി.ലോക ശ്രദ്ധയാകർഷിക്കുന്ന പൂരങ്ങളുടെ പൂരമെന്നാണ് തൃശ്ശൂർ പൂരം അറിയപ്പെടുന്നത് . ഏകദേശം **200** വർഷത്തെ ചരിത്ര പാരമ്പര്യമുള്ള തൃശ്ശൂർ പൂരത്തിനു തുടക്കംക്കുറിച്ചത് ശക്തൻ തമ്പുരാനാണ്. പൂരം കാണുവാനായി വിദേശത്തു നിന്നും സ്വദേശത്തുനിന്നും പതിനായിരക്കണക്കിന് ആളുകളാണ് തൃശ്ശൂർ നഗരിയിലേക്ക് ഒഴുകിയെത്തുന്നത്. തൃശ്ശൂർപൂരത്തിന്റെ ചരിത്രത്തെക്കുറിച്ചും വിവിധ ചടങ്ങുകളെക്കുറിച്ചും ഇപ്രാവശ്യത്തെ പൂരാഘോഷങ്ങളെക്കുറിച്ചുമാണ് വളന്റിയർ റിതിയ സംസാരിച്ചത്.ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.

## വേൾഡ് ഹൈപ്പർ ടെൻഷൻ ഡേ

എൻ എസ് എസ് യൂണിറ്റുകൾ മെയ് പതിനേഴിന് വേൾഡ് ഹൈപ്പർടെൻഷൻ ഡേയായി ആചരിച്ചു.ഹൃദയ സംബന്ധമായ അസുഖങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തുന്ന ദിവസമായാണ് എല്ലാ വർഷവും ഈ ദിനം ആചരിക്കുന്നത്. ഈ ദിനത്തോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




## ലോക എയ്ഡ്സ് വാകസിൻ ദിനം

മെയ് പതിനെട്ട് ലോക എയ്ഡ്സ് വാക്സിൻ ദിനം ആചരിച്ചു.സുരക്ഷിതവും ഫലപ്രദവുമായ പ്രതിരോധ വാക്സിൻ കണ്ടെത്തുന്നതിന് ആരോഗ്യപരിപാലന വിദഗ്ധരെയും റീസർച്ചർമാരെയും ആദരിക്കാൻ വേണ്ടിയാണ് ഈ ദിനം ആചരിക്കുന്നത്. ഇതിനോടനുബന്ധിച്ച് പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.




## ലോക മെട്രോളജി ദിനം

മെയ് ഇരുപതാം തിയ്യതി ലോക മെട്രോളജി ദിനം ആചരിച്ചു.എൺപതിലധികം രാജ്യങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ അളവെടുപ്പിന്റെ സ്വാധീനം ആഘോഷിക്കുന്ന വാർഷിക പരിപാടിയാണ് ലോക മെട്രോളജി ദിനം.'ഡിജിറ്റൽ യുഗത്തിലെ മെട്രോളജി' എന്നതാണ് ഈ വർഷത്തെ ലോക മെട്രോളജി ദിനത്തിന്റെ പ്രമേയം.ദിനത്തിന്റെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.



# ലോക ആസ്മ ദിനം പോസ്റ്റർ മേക്കിങ് കോമ്പിറ്റിഷൻ

മെയ് മൂന്നാം തിയ്യതി ലോക ആസ്മ ദിനത്തോടനുബന്ധിച്ച് നടത്തിയ പോസ്റ്റർ മേക്കിങ് കോമ്പറ്റിഷന്റെ വിജയികളെ പ്രഖ്യാപിച്ചു. ഈ മത്സരത്തിൽ മുന്നു പേർ വിജയികളായി, സാൻറ്റോ പി.റ്റി ഒന്നാം സ്ഥാനവും ,അനീറ്റ മരിയ.റ്റി.എസ് രണ്ടാം സ്ഥാനവും ,ഓസ്റ്റിൻ ഡേവിഡ് ആക്നൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട് പോസ്റ്റർ നിർമ്മിച്ചു.




# ദേശീയ തീവ്രവാദ വിരുദ്ധ ദിനം

മെയ് ഇരുപത്തിയൊന്ന് ദേശീയ തീവ്രവാദ വിരുദ്ധ ദിനമായി ആചരിച്ചു. ദേശീയോദ്ഗ്രഥനവും സാഹോദര്യവും പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വർഷവും ഈ ദിനം ആചരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി വളന്റിയേഴ്സ് പോസ്റ്റർ നിർമ്മിച്ചു.




## അഭയം

എൻ എസ് എസിന്റെ സ്വപ്ന പദ്ധതിയായ 'അഭയം ഭവന നിർമ്മാണ പദ്ധതി' പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ. രഞ്ജിത്ത് വർഗീസിന്റെയും,ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ എല്ലാവരുടെയും സഹകരണത്തോടെ നല്ല രീതിയിൽ പുരോഗമിച്ച് അവസാന ഘട്ടത്തിലേക്ക് അടുക്കുന്നു.

# അഗ്വഞ്ചർ

അഗ്വഞ്ചർ എന്ന പേരിൽ  തൃശ്ശൂർ സെന്റ് തോമസ് കോളേജിന്റെ പുതിയ ക്യാമ്പസിൽ ആരംഭിച്ച കൃഷി പുരോഗമിക്കുന്നു. ശനിയാഴ്ച രാവിലെ ഒമ്പതര മണി മുതൽ വൈകീട്ട് നാല് വരെ പത്ത് വളന്റിയേഴ്സ് കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. പരിപാടിയുടെ പോസ്റ്ററും നിർമ്മിച്ചു.












# ട്രാഷ് ഇറ്റ് : തൃശ്ശൂർ പബ്ലിക് ലൈബ്രറി

മെയ് ഇരുപതിയൊന്ന് ശനിയാഴ്ച പ്രോഗ്രാം ഓഫീസേഴ്സായ പ്രൊഫ.രഞ്ജിത്ത് വർഗ്ഗീസിന്റെയും ഡോ.വിമല കെ ജോണിന്റെയും നേതൃത്വത്തിൽ ഏഴ് എൻ എസ് എസ് വളന്റിയേഴ്സ് ചേർന്ന് രാവിലെ പത്തര മുതൽ ഒന്നര  വരെ തൃശ്ശൂർ പബ്ലിക് ലൈബ്രറി ശുചിയാക്കി. ഓഫീസ് അധികൃതർ പ്രവർത്തനങ്ങളെ അഭിനന്ദിച്ചു. വളന്റിയേഴ്സ് ട്രാഷ് ഇറ്റിന്റെ പോസ്റ്റർ നിർമ്മിക്കുകയും ചെയ്തു.






# അക്ഷരാഗ്നി

എവിൻ തോമസ്

## ചോദ്യം ഉത്തരം

രാജ്യത്തെ എൻ എസ് എസ് വളന്റിയർമാരുടെ ഇപ്പോഴത്തെ വിഹിതം എത്രയാണ്?

- **3.8** ദശലക്ഷം





# ചിന്താവിഷയം

നിങ്ങളുടെ വാക്കുകൾ നിശബ്ദതയേക്കാൾ നല്ലതെങ്കിൽ മാത്രം സംസാരിക്കുക

- മഹാത്മാഗാന്ധി

@nss_stc_42_144